# Plumbing & Heating

ജില്ലാ തലത്തിൽ നിന്നും യോഗ്യരായ മത്സരാർത്ഥികളെ കണ്ടെത്തുന്നതിനായി നടത്തുന്ന മത്സരങ്ങളിൽ പ്രധാനമായും പൈപ്പ് ലേയിംഗ്, ജോയിനിംഗ്, സാനിട്ടറി ഫിക്സേഷൻ, ബ്രേസിംഗ്, ഡ്രെയിനേജ് സിസ്റ്റം എന്നിവയിലെ വൈദഗ്ദ്ധ്യം ആണ് പരിശോധിക്കുന്നത്. മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതു വരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മേഖലാ തല മത്സരങ്ങളിൽ ജില്ലാ തല മത്സരങ്ങൾക്ക് നൽകിയ വർക്കുകൾക്ക് പുറമെ അധികമായി പ്ലംബിംഗ് & ഹീറ്റിംഗ്, സാനിട്ടറി ഫിക്സേഷൻ, ഡ്രെയിനേജ് സിസ്റ്റം എന്നീ മേഖലകളിൽ വൈദഗ്ധ്യം തെളിയിക്കുന്ന 8 മണിക്കൂർ ദൈർഘ്യമുള്ള വർക്കുകളാകും പരീക്ഷിക്കുക.

സംസ്ഥാന തല മത്സരങ്ങളിൽ ഹോട്ട് & കോൾഡ് മിക്സർ കണക്ഷൻ, സെൻസർ യൂണിറ്റ് ഫിക്സിംഗ് എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള വർക്കുകളായിരിക്കും പരീക്ഷിക്കുക. സംസ്ഥാന മത്സരത്തിൽ മെഷറിംഗ് മാർക്കിംഗ് കട്ടിംഗ്, ജോയിനിംഗ്, ഫിറ്റിംഗ് എന്നിവയുടെ പൂർണ്ണതയും പരിശോധിക്കപ്പെടും.

മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കൽ, വർക്ക് ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.

ആർ.വി 07.03.18